# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1358 — 12.03.2015-ൽ മറുപടിയ്ക്ക്

## നിർമ്മാണ വസ്തുക്കളുടെ ക്വാളിറ്റി കൺട്രോൾ ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>,, എം.പി.വിൻസെന്റ്<br>,, ലൂഡി ലൂയിസ്<br>,, എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ;<br><br>(ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | **(എ) & (ബി):**<br>ഉണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത ലാബുകളിൽ, പരിഷ്കരിച്ച പൊതുമരാമത്ത് മാന്വലിലെ ചട്ടം 2401.1 പ്രകാരം പ്രവൃത്തികളുടെ രണ്ടാംതല ഗുണനിലവാര പരിശോധനയാണ് നടത്തുന്നത്. |
| (സി) ഇതിന്റെ പ്രവർത്തനരീതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | **(സി)&(ഡി):**<br>ജില്ലാതലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ജില്ലാ ലാബുകൾ നിലവിലുണ്ട്. ലാബുകളിൽ ഗുണനിലവാര പരിശോധനയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയറേയും മറ്റ് സാങ്കേതിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ലാബുകളുടെ ഉദ്യോഗസ്ഥർ പ്രവർത്തി നടക്കുന്ന സ്ഥലങ്ങൾ ' റാൻഡം' രീതിയിൽ സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവെച്ച് പരിശോധിക്കാനുള്ളത് അവിടെവെച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽ വെച്ചും പരിശോധന നടത്തുന്നു. റീജിയണൽ ലാബുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കുന്നു. |

സെക്ഷൻ ഓഫീസർ